I/400474/2025

ഗവ.ബ്രണ്ണൻ കോളേജ്,
ധർമ്മടം, തലശ്ശേരി-6
ഇ-മെയിൽ: brennencollege@gmail.com
ഫോൺ: 0490-2346027
22-08-2025

## ടെൻഡർ നോട്ടീസ് നമ്പർ 01/2025-26 (PD)

ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ 2025-2026 വർഷത്തിൽ പിഡി അക്കൗണ്ടിൽ നിന്നും ₹1,40,000/- (ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) യ്ക്ക് സ്പോർട്സ് ജേഴ്സികൾ വിതരണം ചെയ്യുന്നതിനായി സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ കവറിനു പുറത്ത് ഗവൺമെന്റ് ബ്രണ്ണൻ കോളേജിലേക്ക് 2025-26 വർഷത്തിൽ സ്പോർട്സ് ജേഴ്സികൾ വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ നം. 01/2025-26(PD) എന്ന് എഴുതി ഗവൺമെൻറ് ബ്രണ്ണൻ കോളേജ് ,ധർമ്മടം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

ടെൻഡർ ഫോറം ഓഫീസിൽ നിന്ന് 25/09/2025 ഉച്ചയ്ക്ക് 2.00 മണി വരെ കോളേജ് ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി 26/09/2025 ഉച്ചയ്ക്ക് 1.00 മണി വരെയാണ് ടെൻഡറുകൾ 26/09/2025 ഉച്ചയ്ക്ക് 2.30 മണിയ്ക്ക് ടെൻഡറുകൾ നൽകിയിട്ടുള്ളവരുടെയോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിട്ടുള്ളവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡർ ഫോമുകൾ പണമായോ മണി ഓർഡറായോ 600 രൂപ + GST (ടെൻഡർ ഫോമിന്റെ GST തുക 108/- രൂപ രജിസ്റ്റർ ചെയ്ത നികുതിദായകൻ റിവേഴ്സ് ചാർജ് മോഡിൽ അടയ്ക്കുകയും ചലാൻ പ്രിന്റ്ഔട്ട് ഓഫീസിൽ സമർപ്പിക്കുകയും വേണം) അടച്ചാൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. തപാലിൽ വേണ്ടവർ തപാൽ ചെലവ് 40/- രൂപ കൂടി അയച്ചു തരേണ്ടതാണ്. യാതൊരു കാരണവശാലും ടെൻഡർ ഫോമുകളുടെ വില തിരിച്ചു നൽകുന്നതല്ല. ടെൻഡർ ഫോമുകൾ വി.പി.പി. അയക്കുന്നതല്ല. ചെക്ക്, ഡി.ഡി., പോസ്റ്റൽ ഓർഡർ എന്നിവ ടെൻഡർ ഫോമിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെൻഡർ ഫോമിന്റെ കൂടെ സാധനങ്ങളുടെ വിലയുടെ 1% തുക ഇ.എം.ഡി. അടക്കേണ്ടതാണ്. ഇത് ചുരുങ്ങിയത് 1500/-രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും ആയിരിക്കണം. പ്രിൻസിപ്പൽ, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, ധർമ്മടം എന്ന വിലാസത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ സ്ഥിര നിക്ഷേപ രസീതുകൾ എന്നിവയായി സമർപ്പിക്കണം. ഇഎംഡി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കലിന് അർഹതയുള്ള ടെൻഡറുകൾ കേരള സർക്കാർ, സ്റ്റോർ പർച്ചേസ് വകുപ്പ്, ഡിസ് & ഡി മുതലായവ നൽകിയ ക്ലെയിമിനെ പിന്തുണയ്ക്കുന്ന ഏറ്റവും പുതിയ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് സമർപ്പിക്കണം. അല്ലാത്തപക്ഷം ടെൻഡർ നിരസിക്കപ്പെടും.

ടെൻഡർ ഫോമിന്റെ കൂടെ 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ ഉടമ്പടി ചെയ്യേണ്ടതാണ്. കേരളത്തിന് പുറത്തുള്ളവർക്ക് അവർ ആവശ്യപ്പെട്ടാൽ മുദ്ര പത്രം ടെൻഡർ ഫോമിന്റെ കൂടെ അയച്ചു തരുന്നതും അതിനും വേണ്ടി അധികമായി രൂപ മാത്രം 240/- രൂപ (ഇരുനൂറ്റി നാല്പത് രൂപ മാത്രം) മണി ഓർഡറായി അയക്കേണ്ടതുമാണ് (സ്റ്റാമ്പ് പേപ്പറിന് 200/- രൂപയും ആകസ്മിക ചെലവിന് 40/- രൂപയും) . ഡ്യൂപ്ലിക്കേറ്റ് ടെൻഡർ ഫോമുകൾ ആവശ്യമുള്ളവർ 300/-

+ GST (ഡ്യൂപ്ലിക്കേറ്റ് ടെൻഡർ ഫോമിന്റെ GST തുക 54/- രൂപ രജിസ്റ്റർ ചെയ്ത നികുതിദായകൻ റിവേഴ്സ് ചാർജ് മോഡിൽ അടയ്ക്കുകയും ചലാൻ പ്രിന്റ്ഔട്ട് ഓഫീസിൽ സമർപ്പിക്കുകയും വേണം) അടക്കേണ്ടതാണ് ). ഒറിജിനൽ ടെൻഡർ ഫോമുകൾ വാങ്ങുന്നവർക്ക് മാത്രമേ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുകയുള്ളൂ. ടെൻഡർ ഫോമുകൾ കൈമാറ്റം ചെയ്യാൻ പാടില്ല.

ഏതെങ്കിലുമോ മുഴുവനായോ ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

Signed by
Vasanthi J
Date: 22-08-2025 16:38:05

PRINCIPAL

Dr.Vasanthi J

22-08-2025

Dharmadam